പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2983**

10.03.2017-ൽ മറുപടിക്ക്

## മാന്ദ്യവിരുദ്ധ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.സണ്ണിജോസഫ് | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പാലങ്ങൾ, ഫ്ളൈ ഓവറുകൾ, അണ്ടർ പാസ്സേജുകൾ, ബൈപ്പാസുകൾ, റെയിൽവെ പാലങ്ങൾ എന്നിവ നിർമ്മിക്കുന്ന പദ്ധതി പ്രകാരം , ഏറ്റെടുത്ത് പണി ആരംഭിച്ചവ ഏതൊക്കെയാണ്; | (എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി G.O (Rt) No. 1496/2016/PWD dated 31.10.2016 ഉത്തരവ് പ്രകാരം 75 പാലങ്ങൾക്കായി കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൽ 19 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരിക യാണ്. 27.09.2016-ലെ G.O (RT) No. 1324/16/PWD പ്രകാരം ഭരണാനുമതി ലഭിച്ച 18 റെയിൽവേ മേൽപ്പാലങ്ങളിൽ 6 എണ്ണത്തിന്റെ ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. |
| (ബി) ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതികൾക്കായി നടപ്പുവർഷം എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) 60 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ